**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3510** **12-03-2025 - ൽ മറുപടിയ്ക്ക്**

**പച്ചക്കറിയുൽപ്പാദനവും വിപണനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥാ വ്യതിയാനത്തെ തുടർന്നുണ്ടായ കൃഷിനാശം പച്ചക്കറിയുല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ സാഹചര്യത്തെ മറികടക്കുന്നതിനായി ആവശ്യമായ പച്ചക്കറികൾ മിതമായ നിരക്കിൽ വിപണിയിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് പച്ചക്കറികളുടെ വില ക്രമാതീതമായി ഉയരുന്ന സാഹചര്യങ്ങളിൽ സർക്കാർ നിർദ്ദേശപ്രകാരം ഹോർട്ടികോർപ്പ് വിപണിയിടപെടൽ നടത്തുകയും, ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ പച്ചക്കറികൾ ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിലേയ്ക്കായി കേരളത്തിലെ കർഷകർ, കർഷക സംഘങ്ങൾ, കാർഷിക മൊത്തവ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ-യുടെ സ്വാശ്രയ കർഷക വിപണികൾ, കൃഷി വകുപ്പിന്റെ ബ്ലോക്ക്തല ഫാർമർ ക്ലസ്റ്ററുകൾ, മറ്റ് കർഷക കൂട്ടായ്മകൾ മുഖേന ഉൽപ്പാദിപ്പിക്കുന്ന സുരക്ഷിതവും നല്ല കൃഷി രീതികൾ (GAP) അനുവർത്തിച്ച് ഉൽപ്പാദിപ്പിക്കുന്നതുമായ പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിച്ച് വരുന്നു.<br><br>കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 296 സ്വാശ്രയകർഷക സമിതികളാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളത്തിനു കീഴിൽ പ്രവർത്തിച്ചു വരുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. കാർഷിക വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും വിപണി ഇടപെടലുകൾക്കുമായി 160 ഓണച്ചന്തകൾ 2024-25സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി. 7 ജില്ലകളിൽ പ്രവർത്തിക്കുന്ന പ്രൈമറി പ്രോസസിങ്ങ് കേന്ദ്രങ്ങൾ മുഖേന പഴം-പച്ചക്കറികൾ ബ്രാൻഡ് |

| | | | |
|---|---|---|---|
| | | | ചെയ്ത് റീട്ടെയിൽ, പ്രീമിയം ഔട്ട് ലെറ്റുകൾ മുഖേന വിപണം നടത്തി വരുന്നു.<br><br>കാലാവസ്ഥാ വ്യതിയാനം മൂലമുള്ള വരൾച്ചയെ മറികടക്കുന്നതിനും ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ക്ലൈമറ്റ് റസിലിയന്റ് കൃഷിയുടെ ഭാഗമായി നവീന കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ ഹൈബ്രിഡ് പച്ചക്കറി വിത്തുകൾ ഗ്രാഫ്റ്റഡ്പച്ചക്കറി തൈകൾ എന്നിവയുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 9 ജില്ലകളിൽ 210 ഹെക്ടർ സ്ഥലത്ത് വാഴകൃഷിയ്ക്ക് വേണ്ടിയും 265.81 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയ്ക്കുവേണ്ടിയും മൾച്ചിംഗ് അടക്കമുള്ള കൃത്യതാ കൃഷി നടപ്പിലാക്കി.<br><br>കേരളത്തിൽ ലഭ്യമല്ലാത്തതും ഉപഭോക്താക്കൾക്ക് അത്യന്താപേക്ഷിതവുമായ പഴം, പച്ചക്കറികൾ മറ്റ് സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്നും, തമിഴ് നാട്ടിലെ പ്രമുഖ കാർഷിക മൊത്തവ്യാപാര വിപണികളിലെ ലേലം വഴിയും ഹോർട്ടികോർപ്പ് സംഭരിക്കുന്നുണ്ട്. ഇത്തരത്തിലുള്ള സംഭരണം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പ്, തമിഴ്നാട് കാർഷിക വിപണന വകുപ്പുമായി സഹകരിച്ച് തെങ്കാശി ജില്ലയിലെ ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ വഴി കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിന് കരാർ ഒപ്പ് വച്ച് സംഭരണം നടത്തി മിതമായ നിരക്കിൽ ഉപഭോക്താക്കൾക്ക് വിപണനം നടത്തി വരുന്നു. |
| (സി) | പ്രാദേശികമായി ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ സംഭരിക്കുന്നതിനും ഇതര സംസ്ഥാനങ്ങളിൽ നിന്ന് ശേഖരിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (സി) | സംസ്ഥാനത്ത് പച്ചക്കറികളുടെ വില ക്രമാതീതമായി ഉയരുന്ന സാഹചര്യങ്ങളിൽ സർക്കാർ നിർദ്ദേശപ്രകാരം ഹോർട്ടികോർപ്പ് വിപണിയിടപെടൽ നടത്തുകയും, ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ പച്ചക്കറികൾ ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിലേയ്ക്കായി കേരളത്തിലെ കർഷകർ, കർഷക സംഘങ്ങൾ, കാർഷിക മൊത്തവ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ-യുടെ സ്വാശ്രയ കർഷക വിപണികൾ, കൃഷി വകുപ്പിന്റെ ബ്ലോക്ക്തല ഫാർമർ ക്ലസ്റ്ററുകൾ, മറ്റ് കർഷക കൂട്ടായ്മകൾ മുഖേന ഉൽപ്പാദിപ്പിക്കുന്ന സുരക്ഷിതവും നല്ല കൃഷി രീതികൾ (GAP) അനുവർത്തിച്ച് ഉൽപ്പാദിപ്പിക്കുന്നതുമായ പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിച്ച് വരുന്നു.<br><br>കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 296 സ്വാശ്രയകർഷക സമിതികളാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളത്തിനു കീഴിൽ പ്രവർത്തിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. കാർഷിക വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും വിപണി ഇടപെടലുകൾക്കുമായി 160 ഓണച്ചന്തകൾ 2024-25സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി. 7 ജില്ലകളിൽ പ്രവർത്തിക്കുന്ന പ്രൈമറി പ്രോസസിങ്ങ് കേന്ദ്രങ്ങൾ മുഖേന പഴം-പച്ചക്കറികൾ ബ്രാൻഡ് ചെയ്ത് റീട്ടെയിൽ, പ്രീമിയം ഔട്ട് ലെറ്റുകൾ മുഖേന വിപണം നടത്തി വരുന്നു.<br><br>കാലാവസ്ഥാ വ്യതിയാനം മൂലമുള്ള വരൾച്ചയെ മറികടക്കുന്നതിനും ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ക്ലൈമറ്റ് റസീലിയന്റ് കൃഷിയുടെ ഭാഗമായി നവീന കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ ഹൈബ്രിഡ് പച്ചക്കറി വിത്തുകൾ ഗ്രാഫ്റ്റഡ്പച്ചക്കറി തൈകൾ എന്നിവയുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 9 ജില്ലകളിൽ 210 ഹെക്ടർ സ്ഥലത്ത് വാഴകൃഷിയ്ക്ക് വേണ്ടിയും 265.81 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയ്ക്കുവേണ്ടിയും മൾച്ചിംഗ് അടക്കമുള്ള കൃത്യതാ കൃഷി നടപ്പിലാക്കി.<br><br>കേരളത്തിൽ ലഭ്യമല്ലാത്തതും ഉപഭോക്താക്കൾക്ക് അത്യന്താപേക്ഷിതവുമായ പഴം, പച്ചക്കറികൾ മറ്റ് സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്നും, തമിഴ് നാട്ടിലെ പ്രമുഖ കാർഷിക മൊത്തവ്യാപാര വിപണികളിലെ ലേലം വഴിയും ഹോർട്ടികോർപ്പ് സംഭരിക്കുന്നുണ്ട്. ഇത്തരത്തിലുള്ള സംഭരണം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പ്, തമിഴ്നാട് കാർഷിക വിപണന വകുപ്പുമായി സഹകരിച്ച് തെങ്കാശി ജില്ലയിലെ ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ വഴി കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിന് കരാർ ഒപ്പ് വച്ച് സംഭരണം നടത്തി മിതമായ നിരക്കിൽ ഉപഭോക്താക്കൾക്ക് വിപണനം നടത്തി വരുന്നു. |
| (ഡി) | വിപണനശാലകൾ സജീവമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; സഞ്ചരിക്കുന്ന പച്ചക്കറി വിപണനശാലകൾ സജ്ജമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | വിപണിയിൽ അമിതമായ വിലവർദ്ധനവ് ഉണ്ടാകാതിരിക്കാൻ ഹോർട്ടികോർപ്പ് 71 സ്വന്തം സ്റ്റാളുകൾ വഴിയും 192 ലൈസൻസി സ്റ്റാളുകൾ വഴിയും 7 മൊബൈൽ യൂണിറ്റുകൾ മുഖേനയും പൊതു വിപണിയെക്കാൾ വിലകുറച്ച് ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പഴം-പച്ചക്കറികൾക്ക് പൊതുവിപണിയിൽ ഉണ്ടാകുന്ന വിലവർദ്ധനവ് ജനങ്ങളെ നേരിട്ട് ബാധിക്കാതിരിക്കുന്നതിനായി ചില്ലറ വിൽപ്പനക്കായി 63 തളിർ-ഗ്രീൻ ഔട്ട് ലെറ്റുകളും 45 സസ്യ ഔട്ട് ലെറ്റുകളും, 1 തളിർ സൂപ്പർമാർക്കറ്റും വി.എഫ്.പി.സി.കെ യുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു.<br><br>വി.എഫ്.പി.സി.കെ മുഖേന സംസ്ഥാന സർക്കാർ പദ്ധതി സഹായത്തോടെ എറണാകുളത്ത് കൗൺസിൽ ആസ്ഥാനത്തോട് ചേർന്ന് കാക്കനാട് ഒരു പഴം-പച്ചക്കറി ബ്രാൻഡഡ് ഔട്ട് ലെറ്റ് നിർമ്മാണം അന്തിമഘട്ടത്തിലാണ്. നാടൻ പഴം-പച്ചക്കറികൾ, ജൈവ ഉൽപാദനോപാധികൾ, ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവ ഉൽപ്പന്നങ്ങൾ, അലങ്കാരച്ചെടികൾ, കർഷകരിൽ നിന്നും സംഭരിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് ഇതുവഴി സാധ്യമാകുന്നു. നിലവിൽ കൃഷി വകുപ്പ്, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള വിവിധ മാർക്കറ്റുകൾ, എക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ, തുടങ്ങിയവ മുഖേന അതാത് ഗ്രാമപഞ്ചായത്ത് / ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിനും, മിതമായ നിരക്കിൽ ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുമുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ